# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 368 28.01.2019-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്ന പദ്ധതി

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചരിത്ര രേഖകളും ചരിത്ര ശേഷിപ്പുകളും സംരക്ഷിക്കുന്ന പദ്ധതിയിൽ കാസർ ഗോഡ് ജില്ലയിലെ ഏതൊക്കെ പദ്ധതി കളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ചരിത്ര രേഖകളും ചരിത്ര ശേഷിപ്പുകളും സംരക്ഷിക്കുന്നതിന് പുരാരേഖാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള "കമ്മ്യൂണിറ്റി ആർക്കൈവ്സ്" പദ്ധതി യുടെ ഭാഗമായി സാക്ഷരതാ മിഷനുമായി സഹകരിച്ച് നടത്തുന്ന ചരിത്രരേഖാ സർവ്വെയിൽ കാസർ ഗോഡ് ജില്ലയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുരാവസ്തു വകുപ്പിന്റെ കീഴിൽ താഴെ പറയും പ്രകാരമുള്ള പദ്ധതികളും നടപ്പിലാക്കി യിട്ടുണ്ട്.<br>കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരികോട്ട, പവ്വൽ കോട്ട, ഹോസ്ദുർഗ്ഗ് കോട്ട എന്നിവയുടെ സംരക്ഷണപ്രവർത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. |
| (ബി) | നീലേശ്വരം രാജകൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | നീലേശ്വരം തെക്കേകോവിലകം വലിയ മഠത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്ന ആവശ്യത്തിലേയ്ക്ക് ടി കോവിലകവും അനുബന്ധ സ്ഥലവും വില നൽകി ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. ഇതിലേക്കായി ടി കോവിലകത്ത് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**